ശബരിമല – 17/10/2026

ശബരിമലയെ രാജ്യത്തെ ഏറ്റവും മികച്ച തീർത്ഥാടന കേന്ദ്രമാക്കി മാറ്റും: മുഖ്യമന്ത്രി വി ഡി സതീശൻ

ശബരിമലയെ രാജ്യത്തെ ഏറ്റവും മികച്ച തീർത്ഥാടന കേന്ദ്രമാക്കി മാറ്റുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഈ തീർത്ഥാടന കാലയളവ് കഴിഞ്ഞാൽ ശബരിമലയിലെത്തുന്ന ഭക്തർക്ക് തിരുപ്പതി മോഡലിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

മണ്ഡല മകരവിളക്ക് തീർഥാടനവുമായി ബന്ധപ്പെട്ടുള്ള ക്രമീകരണങ്ങളും മുന്നൊരുക്കങ്ങളും വിലയിരുത്തുന്നതിന് പമ്പ ശ്രീരാമസാകേതം ഓഡിറ്റോറിയത്തിൽ ചേർന്ന വിവിധ വകുപ്പുകളുടെ അവലോകന, ഏകോപന യോഗത്തിനു ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വഴിപാട്, പ്രസാദം തുടങ്ങിയവ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലാണ് എന്നും അപ്പം, അരവണ തുടങ്ങിയവയ്ക്ക് ഇത്തവണ ക്ഷാമം ഉണ്ടാകില്ലെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് ഉറപ്പ് നൽകിയതായും മുഖ്യമന്ത്രി വ്യക്തമാക്കി. ഭക്തരുടെ സുഗമദർശനത്തിനും സുരക്ഷയ്ക്കും പോലീസ് സേന, ഫയർ ഫോഴ്സ് സേന എന്നിവയെ സേന മേധാവിമാരുടെ നേതൃത്വത്തിൽ വിന്യസിക്കും.

പമ്പയിൽ വസ്മം ഉപേക്ഷിക്കുന്നത് മാലിന്യ പ്രശ്നമാകാതിരിക്കാൻ നിയന്ത്രണ സംവിധാനം ഉറപ്പാക്കും. ഇടത്താവളങ്ങളിലെ സൗകര്യങ്ങൾ വർധിപ്പിക്കും. പമ്പയിലെ തിരക്ക് കുറയ്ക്കാൻ നിലയ്ക്കലിൽ ഭക്തരെ സുഗമമായി നിയന്ത്രിക്കാനായി 6000 പേരെ ഉൾക്കൊള്ളുന്ന ജർമ്മൻ മാതൃകയിലുള്ള ഷെഡ് നിർമിക്കും. 22 മെഡിക്കൽ എമർജെൻസി യൂണിറ്റുകൾ സജ്ജമാക്കും. മാലിന്യ നിർമാർജനം സമയ ബന്ധിതമായി നടപ്പിലാക്കും. ശബരിമല

തീർത്ഥാടകർക്കായി 461 ബസുകളാണ് കെ എസ് ആർ ടി സി സജ്ജമാക്കുന്നത്. വിവിധ ക്ഷേത്രങ്ങളെയും ശബരിമലയേയും ചേർത്ത് ടെമ്പിൾ കണക്ടിവിറ്റി ഉറപ്പാക്കും. റോഡ് സുരക്ഷ കർശനമാക്കാൻ മോട്ടോർ വാഹന വകുപ്പ് പരിശോധന നടത്തും. ചാലക്കയം റോഡ് പി ഡബ്ലു ഡിയുടെ നേതൃത്വത്തിൽ 15 കോടി രൂപ മുടക്കി നവീകരിക്കുകയാണ്. നിർമാണം വേഗത്തിൽ പൂർത്തിയാക്കും.

തീർത്ഥാടകർക്ക് മികച്ച ചികിൽസ ലഭിക്കാൻ ആശുപതികളിൽ മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തും.

ഈ സീസണിൽ ഭക്തർക്ക് സുഗമ ദർശനത്തിന് എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

Sabarimala Will Be Developed into the Country's Best Pilgrimage Centre: Chief Minister V.D. Satheesan

Chief Minister V.D. Satheesan stated that Sabarimala would be transformed into the best pilgrimage centre in the country. He announced that, following the conclusion of the current pilgrimage season, steps will be initiated to provide facilities for devotees at Sabarimala, modelled after those at Tirupati.

He was speaking to the media following a review and coordination meeting—attended by various government departments at the Sriramasaketham Auditorium in Pamba—held to assess the arrangements and preparations for the Mandala-Makaravilakku pilgrimage season.

The Chief Minister clarified that offerings (*vazhipadu*) and *prasadam* are under the control of the Devaswom Board. He noted that the Devaswom Board President has given assurances that there will be no shortage of items such as *appam* and *aravana* this season. To ensure the safety of devotees and facilitate a smooth *darshan*, the Police and Fire Force will be deployed under the leadership of their respective department heads.

Measures will be implemented to prevent the disposal of clothing and other items at Pamba from becoming a waste management issue. Facilities at intermediate transit points (idathavalangal) will be enhanced. To reduce congestion at Pamba, a 'German-model' shed—capable of accommodating 6,000 people—will be constructed at Nilakkal to effectively manage the flow of pilgrims. Additionally, 22 medical emergency units will be set up, and a time-bound waste disposal system will be implemented. The KSRTC is preparing 461 buses specifically for Sabarimala pilgrims. 'Temple connectivity' will be ensured by linking various temples with Sabarimala. The Motor Vehicles Department will conduct inspections to strictly enforce road safety. The Chalakkayam road is being renovated under the supervision of the Public Works Department (PWD) at a cost of ₹15 crore; the construction work will be completed expeditiously.

Enhanced facilities will be provided in hospitals to ensure that pilgrims receive high-quality medical care.

The Chief Minister stated that all necessary arrangements will be made to ensure a smooth darshan (viewing of the deity) for devotees during this season.